XI നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

1. 2011-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, (2011-ലെ 6-ാം നമ്പർ ഓർഡിനൻസ്)

2. ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫംഗ്ഷൻസ് ആസ് റെസ്പെക്ട് സ്പോർട്ട്സ് കൗൺസിൽസ്) ഓർഡിനൻസ്, 2011 (ഓർഡിനൻസ് നമ്പർ 16 ഓഫ് 2011)

VII റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. പി. ജയരാജൻ : സർ, എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VIII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. പി. ജയരാജൻ : `2011 ഫെബ്രുവരി 4-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഈ സർക്കാർ കഴിഞ്ഞ നാലുവർഷമായി സഭയിൽ അവതരിപ്പിക്കുന്ന നയപ്രഖ്യാപന പ്രസംഗങ്ങളിലും ബഡ്ജറ്റുകളിലും നടത്തിയിട്ടുള്ള വാഗ്ദാനങ്ങളും പദ്ധതികളും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി.എൻ. പ്രതാപൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

14. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ മത്സ്യ ബന്ധനത്തിനുള്ള മണ്ണെണ്ണ കവാട്ട ഏകപക്ഷീയമായി നിർത്തലാക്കിയ നടപടി പിൻവലിച്ച് ആഴക്കടൽ മത്സ്യബന്ധനം നിർബന്ധിതമായിരിക്കുന്ന സാഹചര്യത്തിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റും കവാട്ടയും പുനഃസ്ഥാപിച്ച് നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly